**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** **29-07-2021 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യാപാരികൾക്ക് പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. അൻവർ സാദത്ത്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് ലോക്ക്ഡൗൺ മൂലമുണ്ടായ പ്രതിസന്ധി കാരണം ചെറുകിട വ്യാപാരികൾ ആത്മഹത്യ ചെയ്യുന്ന സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കൊവിഡ് കാരണം കടക്കെണിയിൽപ്പെട്ട ചെറുകിട വ്യാപാരികൾക്ക് ആശ്വാസമേകാൻ പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | കോവിഡ് കാരണം കടക്കെണിയിൽപ്പെട്ട ചെറുകിട വ്യാപാരികൾക്ക് മാത്രമായി പ്രത്യേക പാക്കേജ് നിലവിലില്ല. സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ ഉൽപ്പാദന പ്രവർത്തനങ്ങൾ നടത്തുന്ന സംരംഭങ്ങൾക്ക് വ്യവസായ ഭദ്രതാ പാക്കേജ്, കോവിഡ് സമാശ്വാസ പദ്ധതി എന്നീ പേരുകളിൽ ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ചെറുകിട വ്യാപാരികൾക്ക് ലഭ്യമാക്കിയ വായ്പകളുടെ തിരിച്ചടവ് മുടങ്ങി അവ നിഷ്ക്രിയ ആസ്തിയായി മാറുന്ന സാഹചര്യം ഒഴിവാക്കാൻ ബാങ്കുകളുമായി ചർച്ച ചെയ്ത് പരിഹാരം കാണാൻ ശ്രമം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വ്യാപാരമേഖലയിലെ ബാങ്ക് വായ്പകളുമായി ബന്ധപ്പെട്ട വിഷയത്തിൽ വ്യവസായ വകുപ്പ് ഇടപെടൽ നടത്തിയിട്ടില്ല. പക്ഷേ തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കു ന്നതിനും അവയുടെ ഉല്പാദനരഹിതമായ ആസ്തികളെ ഉല്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന The Kerala stressed MSMEs Revival & Rehabilitation Scheme എന്ന പദ്ധതി ഈ മേഖലയ്ക്കും പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ഡി) | ചെറുകിട വ്യാപാരികളുടെയും വ്യവസായികളുടെയും വായ്പ തിരിച്ചടവ് മുടങ്ങി സിബിൽ സ്കോർ നഷ്ടമാവുന്നത് പരിഹരിക്കാൻ സർക്കാർ മുൻകൈയെടുക്കുമോ; വിശദമാക്കാമോ? | (ഡി) | വ്യാപാരമേഖലയിലെ ബാങ്ക് വായ്പകളുമായി ബന്ധപ്പെട്ട വിഷയത്തിൽ വ്യവസായ വകുപ്പ് ഇടപെടൽ നടത്തിയിട്ടില്ല. പക്ഷേ തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കു ന്നതിനും അവയുടെ ഉല്പാദനരഹിതമായ ആസ്തികളെ ഉല്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് |

| | | | |
|---|---|---|---|
| | | | സഹായവും നൽകുന്ന The Kerala stressed MSMEs Revival & Rehabilitation Scheme എന്ന പദ്ധതി ഈ മേഖലയ്ക്കും പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ